# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4676

28-06-2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ജലത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് പദ്ധതി

**ചോദ്യം**
ശ്രീ.ഇ.കെ.വിജയൻ

**മറുപടി**
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൃഷിക്ക് ആവശ്യമായ ജലത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്; | (എ) | കേന്ദ്ര-സംസ്ഥാന സഹായത്തോടെ 2006 മുതൽ നാഷണൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | കണിക ജലസേചന പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്; | (ബി) | 14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. |
| (സി) | പദ്ധതി കൊണ്ട് കർഷകർക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുക; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി മൂലം ജലത്തിന്റെ ഉപഭോഗം കുറയ്ക്കുവാനും വിളകളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. ജലസംരക്ഷണവും ജലത്തിന്റെ കൃത്യമായ ഉപയോഗവും സാദ്ധ്യമാകുന്നു. വളത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് വളം ലാഭിക്കുന്നു. ഊർജ്ജത്തിന്റെ ഉപയോഗം ലാഭിക്കുന്നു. ഇക്കാരണങ്ങൾ കൊണ്ട് ഈ പദ്ധതി കർഷകർക്ക് വളരെയധികം പ്രയോജനപ്രദമാണ്. |

സെക്ഷൻ ഓഫീസർ